(ബി) 7.63 കോടി രൂപ അനുവദിക്കുകയും അതിൽ 4.42 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

(സി) ആദ്യഘട്ട വികസനത്തിനായി 27 ഏക്കർ ഭൂമിയും ദീർഘകാല വികസനത്തിനായി 120 ഏക്കർ ഭൂമിയുമാണ് ആവശ്യമായിട്ടുള്ളത്.

(ഡി) ആദ്യഘട്ട വികസനത്തിനായി 24.268 ഏക്കർ ഭൂമി ഇതിനകം അക്വയർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 3.275 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ദീർഘകാല വികസനത്തിന് വേണ്ടിവരുന്ന 120 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന്റെ വിവിധ വശങ്ങൾ പരിശോധനയിലാണ്.

കേരള ഗവൺമെന്റും മുൻ തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റുകളും ഉണ്ടാക്കിയിട്ടുള്ള അന്തർസംസ്ഥാന നദീജല കരാറുകൾ

85 [5229] ശ്രീ. ലൂഡി ലൂയിസ്:
,, കെ. സി. വേണുഗോപാൽ:
,, ഇ. എം. അഗസ്തി:
ശ്രീമതി മേഴ്സി രവി:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റും മുൻ തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റുകളും ഉണ്ടാക്കിയിട്ടുള്ള അന്തർസംസ്ഥാന നദീജല കരാറുകളുടെയും മറ്റു നദീജല കരാറുകളുടെയും കോപ്പി ലഭ്യമാക്കുമോ;

(ബി) പൊതുജനങ്ങളുടെ അറിവിനായി ഈ കരാറുകൾ പ്രസിദ്ധീകരിക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ സർക്കാരും മദ്രാസ് സർക്കാരും തമ്മിൽ ഒപ്പുവച്ച മുല്ലപ്പെരിയാർ കരാർ, കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ചിട്ടുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ, ശിരുവാണി കുടിവെള്ള പദ്ധതി കരാർ എന്നിവയുടെ കോപ്പി ലഭ്യമാക്കാം.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് കേരളത്തിന് ലഭിക്കേണ്ട ജലം

86 [5230] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, വർക്കല കഹാർ:
,, ടി. വി. ചന്ദ്രമോഹൻ:
,, എൻ. ഡി. അപ്പച്ചൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാറനുസരിച്ച് കേരളത്തിന് ലഭിക്കേണ്ടതായി പറഞ്ഞിട്ടുള്ള ജലത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കരാറിന്റെ ഏത് ഷെഡ്യൂൾ അനുസരിച്ചാണ് ഈ ജലം കേരളത്തിനു കിട്ടുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അളവൊഴികെ ശേഷിക്കുന്ന വെള്ളത്തിന്റെ അളവെത്ര;

(ഡി) അവശേഷിക്കുന്ന ജലത്തിൽനിന്ന് തമിഴ്നാടിന് നിശ്ചിത അളവ് വെള്ളം നൽകണമെന്ന് കരാറിൽ പ്രത്യേകം പറയുന്നുണ്ടോ;

(ഇ) കരാറനുസരിച്ച് വിഭജിക്കാത്ത വെള്ളത്തിന് തമിഴ്നാടിന് എന്തവകാശമാണുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പറമ്പികുളം-ആളിയാർ നദീജലകരാറനുസരിച്ച് കേരളത്തിന് ലഭിക്കേണ്ടതായിട്ടുള്ള ജലത്തിന്റെ കണക്ക് താഴെ കൊടുക്കുന്നു:

(1) ചാലക്കുടി നദീതടത്തിൽനിന്നും 12.3 ടി.എം.സി. ജലം പ്രതിവർഷം കേരള ഷോളയാർ പവർ ഹൗസിൽ തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്.

(2) ചിറ്റൂർ പുഴ പ്രദേശത്തെ കൃഷിക്കായി 7.25 ടി.എം.സി. ജലം (ഉപയോഗശൂന്യമായ പ്രളയജലം കൂട്ടാതെ) വർഷംതോറും കേരളാതിർത്തിക്കടുത്ത് തമിഴ്നാട്ടിൽ സ്ഥിതിചെയ്യുന്ന മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതാണ്.

(3) പറമ്പിക്കുളം, മുന്നക്കടവ്, പെരുവാരിപ്പള്ളം എന്നീ ജലസംഭരണിയിലും ലോവർ നീരാർ ഡാമിന്റെ വൃഷ്ടി പ്രദേശത്തും ലഭിക്കുന്ന ജലത്തിൽ തമിഴ്നാടിന് അവകാശപ്പെട്ട 16.5 ടി.എം.സി.-ക്ക് മുകളിൽ വരുന്ന ജലത്തിൽ നിന്ന് 2.5 ടി.എം.സി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനുവേണ്ടി ലഭ്യമാക്കേണ്ടതും 19 ടി.എം.സി-ക്ക് മുകളിലുള്ള അധികജലം ചാലക്കുടി നദീതടത്തിൽ തുറന്നുവിടാനും വ്യവസ്ഥ ചെയ്യുന്നു.

(4) പെരിയാർ തടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനവരി 31 വരെ കേരളത്തിലേക്ക് തുറന്നുവിടാനും വ്യവസ്ഥയുണ്ട്. കേരളാ ഗവൺമെന്റിന്റെ പര്യാലോചനയിലിരിക്കുന്ന പെരിയാർ തടത്തിലെ ജലസംഭരണികൾ പ്രവർത്തിച്ചു തുടങ്ങുന്നതുവരെ മാത്രമാണ് ഈ വ്യവസ്ഥ. കരാറിൽ ഇതിന്റെ അളവ് വ്യവസ്ഥ ചെയ്യുന്നതിനു പകരം തുറന്നുവിടേണ്ട കാലയളവാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(ബി) പറമ്പിക്കുളം-ആളിയാർ കരാറിന്റെ ഷെഡ്യൂൾ 2 അനുസരിച്ചാണ് കേരളത്തിന് ജലം കിട്ടുന്നത്.

(സി) ഓരോ വർഷവും അതാത് അണക്കെട്ടുകളിലെ ജലത്തിന്റെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ കൃത്യമായ ഒരു അളവ് പറയാൻ കഴിയില്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കരാറിൽ തമിഴ്നാടിന് എടുക്കാവുന്ന ജലം കൃത്യമായി പറയാതെ കേരളത്തിനവകാശപ്പെട്ട ജലം മാത്രം പറഞ്ഞിട്ടുള്ളതിനാൽ തമിഴ്നാടിന്റെ അവകാശം എത്രയാണെന്ന് പറയാൻ കഴിയില്ല. വിഭജിക്കാത്ത ജലത്തിനെപ്പറ്റി കരാറിൽ പ്രതിപാദിച്ചിട്ടില്ല.

ശിരുവാണി ഡാമിൽ നിന്ന് തമിഴ്നാട് കൊണ്ടുപോകുന്ന വെള്ളത്തിന്റെ അളവ്

87 [5231] ശ്രീ. സി. പി. മുഹമ്മദ്:
,, ഡൊമിനിക് പ്രസന്റേഷൻ:
,, ജോർജ്ജ് ജെ. മാത്യു:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിരുവാണി ഡാമിൽനിന്ന് വെള്ളം തമിഴ്നാട് എവിടേക്കാണ് കൊണ്ടു പോകുന്നത്;

(ബി) ഈ വെള്ളത്തിന്റെ അളവ് തിട്ടപ്പെടുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അത് ഏർപ്പെടുത്തേണ്ടത് എപ്രകാരമാണ്;

(ഡി) അത് ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്നാണ്;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) ശിരുവാണി ഡാമിൽ നിന്ന് എന്നുമുതലാണ് തമിഴ്നാട് വെള്ളം കൊണ്ടു പോകുന്നത്;

(എച്ച്) അതിന്റെ അളവ് തിട്ടപ്പെടുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ശിരുവാണി ഡാമിൽ നിന്നും കോയമ്പത്തൂരിലെ ശുദ്ധജലവിതരണത്തിനായി അടിവാരത്തുള്ള ഫിൽട്ടർ പ്ലാന്റിലേക്കാണ് തമിഴ്നാട് വെള്ളം കൊണ്ടു പോകുന്നത്.

(ബി, സി) ഉണ്ട്. ഫിൽറ്റർ പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള വി-ഗോച്ച് മുഖാന്തിരമായിട്ടാണ് വെള്ളം അളക്കുന്നത്.

ഡാമിൽനിന്നും വെള്ളം കൊണ്ടുപോകുന്ന ടണൽ അവസാനിക്കുന്ന ഭാഗത്ത് ഒരു വി-ഗോച്ച് കൂടി ഏർപ്പെടുത്തി അളവ് എടുക്കുന്നത് സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. ഈ സ്ഥലം തമിഴ്നാട്ടിലാണ്.

LIBRARY ARCHIVES Kerala Legislative Assembly